# രണ്ട്
# യഹൂദമശിഹാ

പല കാലഘട്ടങ്ങളിലായി യുദ്ധത്തിന്റെ കെടുതികളും അടിമത്തത്തിന്റെ യാതനകളും അനുഭവിച്ചവരാണ് യഹൂദജനത. പലതവണ സ്വാതന്ത്ര്യവും സുഖവും അവർക്ക് ലഭിച്ചിരുന്നുവെങ്കിലും അവയെല്ലാം താൽക്കാലികമായിരുന്നു. അടിമത്ത്വത്തിന് എതിരായി നടത്തിയ പോരാട്ടങ്ങളെല്ലാം പരാജയപ്പെടുകയാണുണ്ടായത്. CE 73-ൽ മസാദ കോട്ടയിൽ ഉണ്ടായ കൂട്ട ആത്മഹത്യ മറ്റൊരു ദുരന്തമായിരുന്നു. നിരാശരായ യഹൂദജനതയുടെ മോചനത്തിന്റെ സ്വപ്നമാണ് മശിഹാ.

പല കാലഘട്ടങ്ങളിലും മശിഹാ എന്ന പേരിൽ പലർ പ്രത്യക്ഷപ്പെട്ടെങ്കിലും അവരെല്ലാം പരാജയപ്പെടുകയാണുണ്ടായത്. യഹൂദന്റെ മശിഹാ ഇന്നും സ്വപ്നമായി നിലനിൽക്കുന്നു. നിരാശപൂണ്ട യഹൂദർ മശിഹാസ്വപ്നം ഉപേക്ഷിക്കുകയും മശിഹാ ഒരു വ്യക്തിയല്ല, കാലഘട്ടമാണ് എന്നു വിശ്വസിക്കാൻ നിർബ്ബന്ധിതരായി തീരുകയും ചെയ്തു.

മശിഹാ എന്ന വാക്കിന് അഭിഷേകം ചെയ്യപ്പെട്ടവൻ എന്നു മാത്രമാണ് അർത്ഥം. ദൈവം എന്ന അർത്ഥം അതിനില്ല. തന്നെയുമല്ല യഹൂദമശിഹാ ദൈവീകമല്ല, കേവലം മാനുഷികമായ ഒരു സങ്കൽപ്പം മാത്രമാണത്. യഹൂദവിധിപ്രകാരം തൈലം കൊണ്ട് അഭിഷേകം ചെയ്യപ്പെടുന്നയാൾ അഭിഷിക്തനായി മാറുന്നു. യഹൂദപുരോഹിതരും രാജാക്കന്മാരും അഭിഷേകം ചെയ്യപ്പെട്ടവരാണ്. അഭിഷേകം ചെയ്യപ്പെട്ട യഹൂദരാജാവ് ദൈവപുത്രനായി മാറുന്നു. ഇത്തരം ദൈവപുത്രന്മാർ മനുഷ്യരാണ്, ദൈവത്തിന്റെ അവതാരങ്ങളല്ല. യഹൂദന്റെ മശിഹായുടെ ലക്ഷണങ്ങളിൽ ദിവ്യത്വമില്ല. ദൈവം തിരഞ്ഞെടുത്ത പ്രത്യേകജാതിയാണ് തങ്ങളെന്ന് യഹൂദർ വിശ്വസിക്കുന്നു. യഹൂദന്റെ മിശിഹാ ദാവീദുവംശത്തിൽനിന്ന് ജനിച്ചവനായിരിക്കണം എന്നൊരു പ്രത്യേകത കൂടിയുണ്ട്.

പഴയ നിയമത്തിലെ പ്രവാചകന്മാർ മശിഹായുടെ ലക്ഷണങ്ങൾ നിർവചിക്കുന്നുണ്ട് (യെശയ്യാവ് 1:26; 2:4,17; 11:1-2, 4, 6-10, 12; 25:8; 26:19; 51:3, 11; 52:7, 13; 56:3-7; ആമോസ് 9:13-15; എസക്കിയേൽ 36:29, 30; 39:9, 16, 55, 40-ാം അദ്ധ്യായം;  ജെറമിയ 31:33). ഇങ്ങനെ അനേകം നിബന്ധനകളും ലക്ഷണങ്ങളും ചേരുന്ന വ്യക്തിയാണ് യഹൂദമശിഹാ. യഹൂദമശിഹാ എന്നത് അസാദ്ധ്യമായ ഒരു സ്വപ്നം മാത്രമാണ് എന്ന് യഹൂദരിൽ ഭൂരിപക്ഷവും വിശ്വസിക്കുന്നു. അതിനാൽ മശിഹാ എന്നത് വ്യക്തി അല്ല, കാലഘട്ടമാണ് എന്ന് യഹൂദ പണ്ഡിതർ തന്നെ വാദിക്കുന്നു.

ലോകം മുഴുവൻ നന്മ നിറയുന്ന കാലമാണ് മശിഹാകാലം. അത് യഹൂദന്റെ മാത്രം ക്ഷേമകാലമല്ല, ലോകജനതയുടെ മുഴുവൻ ക്ഷേമകാലമാണ്. പട്ടിണിയും ദാരിദ്ര്യവും രോഗങ്ങളും യുദ്ധങ്ങളും ലോകത്തുനിന്ന് നിർമ്മാർജ്ജനം ചെയ്യപ്പെടുന്ന കാലം, മനുഷ്യൻ പരസ്പരം സമാധാനത്തിൽ കഴിയുന്ന കാലം, തത്ത്വചിന്തകരുടെ സ്വപ്നലോകം! ലോകം മുഴുവൻ സമാധാനം നിലനിൽക്കുന്ന കാലത്തു മാത്രമേ യഹൂദനും സമാധാനം ഉണ്ടാകുകയുള്ളു എന്ന നഗ്നസത്യം അവർ മനസ്സിലാക്കിയതിന്റെ ഫലമാണ് 'മശിഹാകാല' തത്ത്വചിന്ത. യഹൂദൻ മാത്രമല്ല, ലോകജനത മുഴുവനും തിരഞ്ഞെടുക്കപ്പെട്ട പ്രത്യേകജനമാണ് എന്ന സാമാന്യതത്ത്വം യഹൂദൻ മനസ്സിലാക്കി. ദൈവം യഹൂദന്റെ മാത്രം കുത്തകയല്ല എന്നുള്ള സത്യവും അവർ ഉൾക്കൊണ്ടു എന്നും കണക്കാക്കാം.

* * *

ലോകത്തിലെ ചെറിയ രാജ്യങ്ങളിലൊന്നായ യിസ്രയേലിന് ലോകം മുഴുവൻ അടക്കി ഭരിക്കാൻ സാധിക്കില്ല എന്ന സത്യം സാമാന്യബോധമുള്ള യഹൂദർ മനസ്സിലാക്കി. ചുരുക്കം ചില യഹൂദർ മാത്രമാണ് യഹൂദസാമ്രാജ്യത്തിന്റെ സ്വപ്നവുമായി ഭ്രാന്തിളകി നടക്കുന്നത്. ദേവാലയക്കുന്നിൽ ശലോമോന്റെ ദേവാലയം പുനഃസ്ഥാപിക്കാമെന്നുള്ള വ്യാമോഹവും വിവരമുള്ള യഹൂദർ പണ്ടേ ഉപേക്ഷിച്ചിരുന്നു. ശലോമോന്റെ ദേവാലയം പഴയ നിയമത്തിൽ വിവരിച്ചിരിക്കുന്നതുപോലെ ഗംഭീരമോ വലുതോ ആയിരുന്നില്ല എന്നു ഗവേഷകർ അനുമാനിക്കുന്നു. ദേവാലയത്തിലെ ബലിയും മറ്റു ചടങ്ങുകളും പുരോഹിതവർഗ്ഗത്തെ തീറ്റിപ്പോറ്റുവാൻ പുരോഹിതർ തന്നെ സൃഷ്ടിച്ച ആശയമാണെന്ന് വിവരമുള്ള യഹൂദർ മനസ്സിലാക്കി. യഹൂദർ അനേകവിഭാഗങ്ങളായി പിരിയുകയും ചെയ്തു. യെരുശലേം കുന്നിൽ മുസ്ലീങ്ങളുടെയും ക്രിസ്ത്യാനികളുടെയും ചോര ഒഴുക്കി ദേവാലയം പണിയാൻ സാധിക്കില്ല എന്ന സത്യവും അവർ മനസ്സിലാക്കി. യഹോവയ്ക്കുള്ള ബലി എവിടെയും അർപ്പിക്കാം എന്നു മനസ്സിലാക്കിയതിനാൽ ദേവാലയം യെരുശലേം കുന്നിൽതന്നെ പണിയേണ്ടതില്ല എന്നും അവർ തിരിച്ചറിഞ്ഞു. യഹൂദമശിഹായുടെ പ്രധാനലക്ഷ്യം ദേവാലയം പുനഃസ്ഥാപിക്കുക എന്നതാണ്. അതിനാൽ തങ്ങളുടെ മശിഹാസ്വപ്നം യഹൂദർ പണ്ടേ ഉപേക്ഷിച്ചിരുന്നു. യഹൂദർ ഉപേക്ഷിച്ച മശിഹായെ ആണ് ഇപ്പോൾ ക്രിസ്ത്യാനികൾ ആരാധിക്കുന്നത്. എന്നാൽ യേശു പ്രചരിപ്പിച്ചത് മശിഹാ എന്ന വ്യക്തിയെ അല്ല, മശിഹാരാജ്യത്തെ അഥവാ ദൈവരാജ്യത്തെ ആണ്.

മശിഹാ രോഗശാന്തി നടത്തണമെന്നോ അത്ഭുതങ്ങൾ പ്രവർത്തിക്കണമെന്നോ റോമൻ പടയാളികളുടെ ചാട്ടവാറടി കൊള്ളണമെന്നോ മൂന്നാംനാൾ

ഉയർത്തെഴുന്നേല്ക്കണമെന്നോ ഒരു യഹൂദതിരുവെഴുത്തിലും പറയുന്നില്ല. അതുകൊണ്ടുതന്നെയാണ് നസ്രായനായ യേശുവിനെ അന്നും ഇന്നും അംഗീകരിക്കാത്തതും CE 70-ൽ യഹൂദരുടെ ദേവാലയം റോമൻ പട്ടാളം എന്നേക്കുമായി നശിപ്പിച്ചു. അതോടെ മശിഹായുടെ വരവ് ഒരിക്കലും സംഭവിക്കാത്ത ഒരു സ്വപ്നമായി മാറുകയും ചെയ്തു. യഹൂദർ ഉപേക്ഷിച്ച മശിഹായെ പുനർജീവിപ്പിക്കുവാൻ ആയിരുന്നു അവർ പുതിയ യേശുപ്രസ്ഥാനം ആരംഭിച്ചത്. മശിഹാ വരും എന്ന പ്രതീക്ഷയാണ് യേശുപ്രസ്ഥാനക്കാർക്കുണ്ടായിരുന്നത്. മർക്കോസിന്റെ സുവിശേഷത്തിന്റെ ആധാരവുമതാണ്. എന്നാൽ അവർ പ്രതീഷിച്ച മശിഹാ ഒരിക്കലും വന്നില്ല.

യെശയ്യാവ് 40-66 വരെയുള്ള അദ്ധ്യായങ്ങളിൽ നിന്നാണ് ക്രിസ്ത്യാനികളുടെ മശിഹായുടെ ആശയം ഉടലെടുക്കുന്നത്. എന്നാൽ 40-66 വരെയുള്ള ഭാഗം യെശയ്യാവിന്റെ ശിഷ്യർ പിന്നീടെഴുതി കൂട്ടിച്ചേർത്തതാണ് എന്നനുമാനിക്കപ്പെടുന്നു. കാരണം ഈ ഭാഗങ്ങളിൽ പരാമർശിച്ചിരിക്കുന്ന രക്ഷകൻ പേർഷ്യൻ രാജാവായിരുന്ന സൈറസ്സ് ആണ്, നസ്രായനായ യേശു അല്ല. സൈറസ്സ് രാജാവ് ബാബിലോൺ ആക്രമിച്ചു കീഴടക്കി. നെബുക്കദ്നേസർ യെരുശലേം ദേവാലയം നശിപ്പിച്ചതിനുശേഷം അടിമകളായി പിടിച്ചു കൊണ്ടുപോയ യഹൂദരെ സൈറസ്സ് രാജാവ് തിരികെ അയയ്ക്കുന്നുണ്ട്. മാത്രമല്ല ദേവാലയം പുനഃസ്ഥാപിക്കാനുള്ള അനുവാദവും നൽകി. അതുകൊണ്ടാണ് സൈറസ്സിന് മശിഹാ എന്ന വിശേഷണം നൽകിയിരിക്കുന്നത്.